നം.കെഎസ്എ-കെടിഎം.പി.10/1883/2019 തീയതി 03.02.2020

# കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1.4.18 മുതൽ 20.11.19 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി.ജോർജ്ജ് , ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.11.2019 മുതൽ 4.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബീനാകുമാരി സി.ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്ര.) |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി രഞ്ജു പ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജാസ്മിൻ എസ്. | ഓഡിറ്റർ |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എൻ.രാജു | 01.04.18മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.എൻ.ആർ.മുരളീധരൻ നായർ | 01.04.18മുതൽ 31.03.2019 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. വിനോദ് കെ. | 01.04.18മുതൽ 30.6.2018 വരെ |
| | ശ്രീമതി ബിൻസി ചെറിയാൻ | 10.07.18മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുജിത പി.എസ്. | 01.04.18മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ. എസ്.പ്രകാശ് | 01.04.18മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. വിശ്വനാഥൻ കെ. | 01.04.18മുതൽ 31.03.19 വരെ |
| വി.ഇ.ഒ | ശ്രീമതി അനീസ എ. | 01.04.18മുതൽ 31.03.2019 വരെ |
| | ശ്രീ. ജോൺസൺ ഫിലിപ്പ് | 01.04.18മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജാൻസി ജോസഫ് | 01.04.18മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലക്ഷ്മി എസ്. | 01.04.18 മുതൽ 31.12.2018 വരെ |
| | ശ്രീമതി സിന്ധു | 01.01.19 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയകുമാരി പി.ബി. | 01.04.18 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി സുനിത എം. | 01.04.18മുതൽ 06.05.2018 വരെ & 06.06.2018 മുതൽ 31.08.2018 വരെ |
| | ശ്രീമതി ഫാത്തിമ എസ്. (അഡീഷണൽ ചാർജ്) | 07.05.2018 മുതൽ 05.06.2018 വരെ & 01.09.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ചിത്ര എം.ബി. | 01.04.18മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. പ്രീത | 01.04.18മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | ഫണ്ട് വിനിയോഗം |
| 1-4 | പദ്ധതി അവലോകനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | |
|---|---|
| 1-8 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-9 | സംയുക്ത പ്രോജക്റ്റുകൾക്കുവേണ്ടി ലഭിച്ച വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 1-10 | മാനുവൽ രസീത് ബുക്ക് പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ തുകയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള രേഖപ്പെടുത്തലും പൊരുത്തപ്പെടുന്നില്ല |
| 1-11 | വസ്തുനികുതി -സഞ്ചയ ഡേറ്റ് പ്യൂരിഫിക്കേഷൻ പൂർണ്ണമല്ല |
| 1-12 | വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 1-13 | റോഡുകളുടെ വിശദാംശങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 1-14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത |
| 1-15 | വിമുക്തഭടന്മാർക്കുള്ള വസ്തുനികുതിയിളവ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |
| 1-16 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല |
| 1-17 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകത |
| 1-18 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 1-19 | കെട്ടിടങ്ങളുടെ ക്രമവത്ക്കരണം - ഫീസ് കുറവായി ഈടാക്കുന്നു |
| 1-20 | ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകത |
| 1-21 | ലേലം - വ്യവസ്ഥ പാലിച്ചിട്ടില്ല |
| 1-22 | പൊതുടാപ്പുകളുടെ വെള്ളക്കരം - കണക്കുകളിൽ പൊരുത്തക്കേട് |
| 1-23 | സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ചു |
| 1-24 | അമര കുടിവെള്ള പദ്ധതി ബൃഹത് പദ്ധതി - നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല |
| 1-25 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു |

| | |
|---|---|
| 1-26 | ഡെപ്പോസിറ്റ് വർക്കുകൾ - കരാറിൽ ഏർപ്പെടുന്നില്ല |
| 1-27 | ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച തുക ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു - പ്ലാൻ ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകി |
| 1-28 | വൃദ്ധർക്ക് കട്ടിൽ - ആവശ്യാധിഷ്ഠിതമല്ലാത്ത വാങ്ങൽ നടത്തി 15 കട്ടിലുകൾ വിതരണം ചെയ്യാനവശേഷിക്കുന്നു |
| 1-29 | അങ്കണവാടികൾക്ക് വാടക – നടപടിക്രമങ്ങളിൽ അപാകം |
| 1-30 | അനുപൂരക പോഷകാഹാര പദ്ധതി - അധിക തുക ചെലവഴിച്ചു |
| 1-31 | മരുന്നുകൾ ലഭ്യമായിട്ടില്ല |
| 1-32 | ലൈഫ് - ഭവനനിർമ്മാണ പ്രോജക്ടുകൾ - ചില ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 1-33 | എസ്.എസ്.എ.വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 1-34 | വിവിധ മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കിയതിൽ കുറവ് |
| 1-35 | വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വിലയും ജി.എസ്.ടി.യും അതാത് ഫണ്ടുകളിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല |
| 1-36 | ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല |
| 1-37 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല |
| 1-38 | സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ് സറണ്ടർ അനുവദിച്ചു |
| ഭാഗം 2 - വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| ഭാഗം 3 ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | അനുപൂരക പോഷകാഹാര പദ്ധതി - അധിക തുക ചെലവഴിച്ചു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | |
|---|---|
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/ സർചാർജ് നടപടികളുടെ വിശദാംശങ്ങൾ |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.3.2018 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 31657934 | 15269607 |
| വരവ് | 219617000 | 125247039 |
| ആകെ | 251274934 | 140516646 |
| ചെലവ് | 246387500 | 92181109 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 4887434 | 48335537 |

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. നിയമപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

## 1-2 വാർഷിക ധനകാര്യപത്രിക

2018-19 വർഷത്തെ വാർഷികകണക്കുകൾ 4.5.2019ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 23672904 | 23672904 | 23656489 | 16415 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 9577000 | 9577000 | 8426495 | 1150505 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 227000 | 227000 | 18480 | 208520 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 15761000 | 15761000 | 15761000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 4935000 | 4935000 | 3660278 | 1274722 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 11979893 | 11979893 | 7854290 | 4125603 |
| MGNREGES | ഭരണച്ചെലവുകൾ | 267349 | 331741 | 599090 | 590193 | 8897 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 14005246 | 14005246 | 14005246 | 0 |
| | ആകെ | 267349 | 14336987 | 14604336 | 14595439 | 8897 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പൈക്ക | | 90596 | 2930 | 93526 | 0 | 93526* |
| സാക്ഷരത | | 29481 | 1045 | 30526 | 0 | 30526 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഫണ്ട് | 0 | 200000 | 200000 | 180000 | 20000 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 0 | 1021918 | 1021918 | 0 | 1021918 |
| ഐ.സി.ഡി.എസ്. | 98344 | 1213363 | 1311707 | 532276 | 779431 |
| വിമുക്തി ഫണ്ട് | 12500 | 25000 | 37500 | 24360 | 13140 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 0 | 350000 | 350000 | 350000 | 0 |
| നിർമ്മൽ ഗ്രാമ പുരസ്കാരം | 0 | 250000 | 250000 | 0 | 250000 |
| മറ്റ് സംസ്ഥാന ഗവ.ധനസഹായം (ബഡ്സ് സ്കൂൾ | 0 | 1250000 | 1250000 | 0 | 1250000 |
| തനത് ഫണ്ട് | | 30976010 | - | 16175913 | - |
| ജനറൽപർപ്പസ് ഗ്രാന്റ് | 0 | 3660278 | 3660278 | 1736215 | 11712066 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 0 | 90000 | 90000 | 90000 | 0 |
| ബ്ളോക്ക് ഷെയർ | 3609611 | 4664580 | 8274191 | 4360253 | 3913938 |
| ജില്ലാപഞ്ചായത്ത് | 1000000 | 1640940 | 2640940 | 1255872 | 1385068 |

* ടി തുകയിൽ 85526/- രൂപ പൈക ഫണ്ടും 8000/- രൂപ സ്പോർട്സ് വിജയികൾക്ക് കാഷ് പ്രൈസ് നൽകുന്നതിന് ബ്ലോക്കിൽ നിന്നും കിട്ടിയ തുകയുമാണ്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 339 | 148432494 | 218 | 75097191 | | 121 |

<u>വാർഷിക പദ്ധതി</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.02.2019 ലെ ഉത്തരവ് നം. 490/18/ DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16.2.2018 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 23.02.2018 – 27.2.2018 |
| വികസനസെമിനാർ | 9.03.2018 |
| ഊരുകൂട്ടം | 2.03.2018 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 14,84,32,494/- രൂപയും ആകെ ചെലവ് 7,50,97,191/- രൂപയുമാണ്. ചെലവുശതമാനം 50.6%. അംഗീകാരം ലഭിച്ച 339 പ്രോജക്ടുകളിൽ 218 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| | കൃഷി ഓഫീസർ | 11 | 10 | 2859631 | 1243929 | 94.4 |
| | വെറ്ററിനറി സർജൻ | 10 | 9 | 2339000 | 1317750 | 56.34 |
| | മെഡിക്കൽ ഓഫീസർ – PHC | 4 | 4 | 1180000 | 1146659 | 97.2 |
| | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| | മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 900000 | 872000 | 96.9 |
| | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 16 | 12 | 40348443 | 18490317 | 45.8 |
| | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 16 | 12 | 40348443 | 18490317 | 45.8 |
| | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 10 | 9253117 | 6906175 | 74.64 |

| | | | | | | |
|---|---|---|---|---|---|---|
| | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 47 | 26 | 31834351 | 9562122 | 30 |
| | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 7 | 4 | 1302863 | 952863 | 73.1 |
| | അസിസ്റ്റന്റ് എഞ്ചിനീയർ | 205 | 124 | 50736641 | 28748036 | 56.7 |
| | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1400000 | 1200000 | 85.7 |
| | അസിസ്റ്റന്റ് സെക്രട്ടറി | 17 | 12 | 6228448 | 4607340 | 73.97 |
| ആകെ | | | | 148432494 | 75097191 | 50.6 |

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം താരതമ്യേന കുറവാണ്. തൻവർഷം ഉൽപ്പാദന മേഖലയിൽ 62.79ലക്ഷം രൂപയും സേവനമേഖലയിൽ 4.5 കോടി രൂപയും പശ്ചാത്തല മേഖലയിൽ 2.38 കോടി രൂപയും ചെലവഴിച്ചു. പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ വേണ്ടത്ര കാര്യക്ഷമമായിരുന്നില്ല. പ്രവർത്തന കമ്മിറ്റികളുടെ യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പദ്ധതി രൂപീകരണ നടപടിക്രമങ്ങളിലും മോണിറ്ററിങ്ങ് നടപടികളിലും ഇടപെടൽ നടത്തിയതിന്റെ രേഖാപരമായ വിവരങ്ങൾ ലഭ്യമല്ല.

**<u>പ്രധാന നേട്ടങ്ങൾ</u>**

- ഭവനപദ്ധതിക്ക് 3.6 കോടി രൂപ വകയിരുത്തി 1.95 കോടി രൂപ ചെലവഴിച്ചു.
- മാടപ്പള്ളി ബ്ലോക്കിലെ തന്നെ ആദ്യ സംരംഭമായ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.
- പി.എച്ച്.സി. കെട്ടിടം നവീകരണത്തിന് ആർദ്രം പദ്ധതിയിൽ തുക നിക്ഷേപിച്ചു.
- ഇൻഡോർ സ്റ്റേഡിയം നിർമ്മാണം, പാർക്ക് നവീകരണം, കൃഷിഭവൻ ഹാൾ നിർമ്മാണം, കുട്ടികളുടെ പാർക്ക് പെയിന്റിംഗ്, യോഗപരിശീലനം ഇവ നടപ്പാക്കി.
- വൃദ്ധർക്ക് കട്ടിൽ, പകൽ വീട്, അംഗപരിമിതർക്ക് പെട്ടിക്കട, അംഗപരിമിത കുട്ടികൾക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിക്കാരായ കുട്ടികളുടെ കലോത്സവം, അംഗപരിമിതർക്ക് സഹായഉപകരണം ഇങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള നിരവധി പ്രോജക്ടുകളും നടപ്പാക്കി.

**<u>പ്രധാന കോട്ടങ്ങൾ</u>**

- വിവിധ ഫണ്ടിനങ്ങളുടെ വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ വർഷാവസാനം 67,75,775/- രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ 67.75 ലക്ഷം രൂപയുടെ അപരിഹാര്യമായ നഷ്ടം സംഭവിച്ചു.
- സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ബ്ലോക്ക് വിഹിതം 39.14 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 13.85 ലക്ഷം രൂപയും ചെലവഴിക്കുവാൻ അവശേഷിക്കുന്നു.
- വാർഡ് അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് മൂലം പാഴ്ചെലവ് ഉണ്ടാകുന്നു.

- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.
- വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ടിന് വാങ്ങിയ കട്ടിലുകളിൽ 15 എണ്ണം വിതരണം ചെയ്യുവാൻ അവശേഷിക്കുന്നു.
- തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള ഗുണഭോക്തൃവിഹിതങ്ങൾ യഥാസമയം ചെലവഴിക്കാതെ വികസനഫണ്ട് വിഹിതത്തിൽ നിന്നും അധികം തുക ചെലവഴിച്ചിരിക്കുന്നു.
- 1.63 കോടി രൂപ വിനിയോഗിച്ചിട്ടും അമര കുടിവെള്ള പദ്ധതി നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല.
- ഗുണഭോക്തൃവിഹിതം ചെലവ് യഥാസമയം ചെലവ് പത്രികയിൽ അക്കൗണ്ട് ചെയ്യുന്നില്ല.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2019 ന് 11.00പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15401/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം, അക്കൗണ്ടിംഗ് സംവിധാനത്തിലെ അപാകതകൾ ഒഴിച്ചാൽ പൊതുവെ തൃപ്തികരമാണ്. തനത് ഫണ്ട് ചെലവുകൾ പലതും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഓഫീസ് ജോലിവിഭജന രേഖ തയ്യാറാക്കുകയും കാലികമായി പുതുക്കുകയും ചെയ്തിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. വരവുചെലവ് കണക്കുകൾ സംബന്ധിച്ച എല്ലാ രേഖകളും ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിനും ഓഡിറ്റ് ഉന്നയിച്ച പ്രധാന വിഷയങ്ങളിൽ സാമാന്യമായ നടപടികൾ സ്വീകരിക്കുന്നതിനും സ്ഥാപനത്തിന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2019 | 10/19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.09.18 – 22.09.18 | 2014-15 - 2017-18 | LBA(HQ)/11/I/8A-102/2018-19/23.10.2019 |

## 1-8 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എംഎസ്)152/11/എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടികൾ പൂർണ്ണമായിട്ടില്ല. ആയതിനാൽ ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.
3. കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. 320100126 ശീർഷകത്തിലുള്ള PAIKA ഫണ്ടിന് പ്രത്യേക ബാങ്ക് അക്കൗണ്ട് നിലവിലുണ്ടെങ്കിലും ടി ശീർഷകത്തിലെ 31.03.2019ലെ നീക്കിയിരിപ്പ് (ബി4) 93,526/- രൂപയിൽ 85,526/- (RP40(s) രൂപ മാത്രമാണ് ബാങ്ക് അക്കൗണ്ടിലുള്ളത്. 8000/- രൂപ തനത് ഫണ്ടിലുള്ളത് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.
5. 2017-18 സാമ്പത്തികവർഷം 13,30,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് ആസ്തിയിൽ ക്രമീകരിച്ചിട്ടില്ല.
6. മറ്റു നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളിൽ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം 'Direct Expenditure' ഹെഡിൽ ഉൾപ്പെടുത്തി I-14 പട്ടികയിൽ ചേർത്തിട്ടില്ല.
7. ഓഡിറ്റ് റിക്കവറി തുക RP-26ൽ പ്രത്യേകം ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
8. വസ്തുനികുതി വരവ് RP-43 (current & arrear) സാംഖ്യയിൽ സൂചിപ്പിച്ചിരിക്കുന്ന തുകയേക്കാൾ 82,020/- രൂപ സഞ്ചയയിൽ കൂടുതലാണ്.
9. വസ്തുനികുതി കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
10. സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ സേവനയിൽ നിന്നും ലഭ്യമാക്കിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
11. ഹാൾ വാടക ഇനത്തിൽ ലഭിച്ച 2500/- രൂപ ഹെഡ് മാറി പോസ്റ്റ് ചെയ്തതായി കാണുന്നു. ടി ഇനത്തിൽ ലഡ്ജർ പ്രകാരം 29000 രൂപയും വാർഷികകണക്കുകൾ പ്രകാരം 30000 രൂപയും ആണ് വരവുള്ളത്.
10. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 190440/- രൂപ ബാധ്യതയായി അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല.
11. ബി-9 ഷെഡ്യൂൾ പ്രകാരം 359300199 എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന 190200/- രൂപയുടെ കൃത്യത രജിസ്റ്ററിന്റെ അഭാവത്തിൽ വ്യക്തമല്ല.
12. ബി -18 ഷെഡ്യൂൾ പ്രകാരം നിർവഹണഉദ്യോഗസ്ഥർക്ക് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്ന 185880 രൂപ വികസനഫണ്ടിൽ നിന്നും നൽകിയതും പ്രോജക്ട് നിർവഹണം പൂർത്തിയായതുമാണ്. ടി തുക അഡ്വാൻസ് ഇനത്തിൽ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല.
അപാകങ്ങൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
13. ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം 2017-18 വർഷം യാത്രാബത്തയിനത്തിൽ അനുവദിച്ച അഡ്വാൻസ് (3000/- രൂപ) ക്രമീകരിക്കാതെ അവശേഷിക്കുന്നു. ടി തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-9 സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി ലഭിച്ച വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് വേണ്ടി വിവിധ തലങ്ങളിൽ നിന്ന് ലഭിച്ച വിഹിതത്തിൽ ചെലവഴിക്കാത്ത തുകകൾ അവശേഷിക്കുന്നതായി കാണുന്നു (ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-1കാണുക). എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 39,13,938/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 13,85,068/- രൂപയും ഉൾപ്പെടെ 52,99,006/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതാ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച വിഹിതം വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. തുക നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ നിയമാനുസൃതം തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-10 മാനുവൽ രസീത് ബുക്ക് പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ തുകയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല

മാനവൽ രസീതുബുക്ക് പ്രകാരമുള്ള വസ്തുനികുതി കളക്ഷൻ തുകയും പ്രസ്തുത തുകകൾക്കുള്ള സഞ്ചയ പോസ്റ്റിംഗ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 23.03.2019 ൽ മാനവൽ രസീത് ബുക്ക് നമ്പർ 37365 രസീത് നമ്പർ 54 പ്രകാരം സ്വീകരിച്ച 1,000 രൂപ സഞ്ചയ പോസ്റ്റിംഗിൽ വന്നതായി കാണുന്നില്ല. അതുപോലെ ബുക്ക് നമ്പർ 5904 രസീത് നമ്പർ 16 പ്രകാരം സ്വീകരിച്ച 81 രൂപ സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയിട്ടില്ല. മാനവൽ രസീത് ബുക്കുകളിലെ തുകയും സഞ്ചയയിൽ പോസ്റ്റ് ചെയ്ത തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കളക്ഷൻ ഡേറ്റ് | മാനവൽ രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | മാനവൽ രസീത് പ്രകാരം സ്വീകരിച്ച തുക | സഞ്ചയ പോസ്റ്റിംഗ് തുക |
|---|---|---|---|---|
| 30.10.18 | 5897 | 4 | 462 | 464 |
| 30.10.18 | 5897 | 5 | 200 | 201 |
| 30.10.18 | 5897 | 6 | 320 | 332 |
| 30.10.18 | 5897 | 7 | 502 | 521 |
| 21.2.19 | 37352 | 81 | 30 | 31 |
| 28.11.18 | 37352 | 45 | 100 | 9 |
| | | | | 3 |
| | | | | 3 |
| 23.11.18 | 5904 | 65 | 380 | 460 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ ചേർത്ത അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018-19-ൽ ഔട്ട്ഡോർ കളക്ഷന് പോയ അവസരത്തിൽ സഞ്ചയ ക്യാമ്പ് കളക്ഷൻ മൊഡ്യൂൾ പ്രകാരം തുക പിരിക്കുകയും രസീത് ബുക്ക് പ്രകാരമുള്ള തുക അന്നേ ദിവസം സാംഖ്യയിൽ ഒടുക്കിയതായും മറുപടിയിൽ പറയുന്നു. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതമൂലം ചില രസീതുകൾ പ്രകാരമുള്ള തുകകൾ ചേർക്കാൻ കഴിയാതെ വരികയും ആയത് സംബന്ധിച്ച് തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നിന്നും ഐ.കെ.എം.ൽ പരാതി നൽകിയിട്ടുള്ളതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ സഞ്ചയയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 1-11 വസ്തുനികുതി -സഞ്ചയ ഡേറ്റ പ്യൂരിഫിക്കേഷൻ പൂർണ്ണമല്ല

1.വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് അന്തിമമാക്കുന്നത് സംബന്ധിച്ച് 23.01.2018 ലെ സി.3-6865/11-ാം നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥ വിവരങ്ങൾ ഫോറം നമ്പർ-6, നികുതിനിർണ്ണയ രജിസ്റ്ററുകൾ, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിശദമായി പരിശോധിച്ച് ഡാറ്റാ ബേസ് ശുദ്ധീകരിക്കേണ്ടതുണ്ടെന്നും ഇത് സംബന്ധിച്ച് യഥാർത്ഥ കെട്ടിടവിശദാംശങ്ങൾ ലഭ്യമല്ലെങ്കിൽ വിശദമായി സ്ഥല/കെട്ടിട പരിശോധന നടത്തിയോ അദാലത്തുകൾ സംഘടിപ്പിച്ചോ യഥാർത്ഥ വിവരങ്ങൾ ശേഖരിക്കേണ്ടതും സഞ്ചയ ഡാറ്റാ ശുദ്ധീകരണ നടപടികൾ അടിയന്തിരമായി എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർത്തീകരിക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും പ്രത്യേക ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതല നൽകി പഞ്ചായത്തിലെ ഓരോ കെട്ടിടത്തിന്റെയും യഥാർത്ഥ വിവരങ്ങൾ സഞ്ചയയിലെ രേഖപ്പെടുത്തലുകളുമായി ഒത്ത് നോക്കി ആവശ്യമായ തിരുത്തലുകൾ വരുത്തി സഞ്ചയ ഡാറ്റാബേസ് ശുദ്ധീകരിച്ച് അന്തിമമാക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം സഞ്ചയ ഡാറ്റ ബേസ് ശുദ്ധീകരണത്തിനായി പഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും അതാതുവാർഡുകളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് തെറ്റുകൾ

കണ്ടെത്തിയത് തിരുത്തി പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് വരുന്നെന്ന മറുപടിയാണ് ലഭിച്ചത്. മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടുമില്ല.

2.സഞ്ചയ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 20 വാർഡുകളുള്ള പഞ്ചായത്തിൽ ആകെയുള്ള 11679 കെട്ടിടങ്ങളിൽ ഏതാനും വാർഡുകളിലെ 181 കെട്ടിടങ്ങളൊഴികെ ബാക്കിയുള്ളവയുടെ പ്യൂരിഫിക്കേഷൻ പൂർത്തിയായതായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ 2018-19 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയവിവരങ്ങളിൽ റോഡിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. മേഖല എന്നത് കെട്ടിടത്തെ സംബന്ധിച്ചുള്ള പരിശോധന റിപ്പോർട്ടിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നതായും ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരമൊരു പ്യൂരിഫിക്കേഷൻ റിപ്പോർട്ടിന്റെ കൃത്യത വ്യക്തമല്ല. ആകെ 181 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ മാത്രമാണ് പരിഹരിക്കാനുള്ളത് എന്ന കണക്കാക്കൽ വസ്തുതാപരമല്ല.

## 1-12 വസ്തുനികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷം വസ്തുനികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ റവ.ഫാദർ (വികാരി), സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് എന്ന പേരിൽ സഞ്ചയ പ്രകാരം 648.22 ച.മീ തറവിസ്തീർണമുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ളാൻ പ്രകാരം ടി കോമ്പൗണ്ടിൽ ചുവടെ ചേർക്കും പ്രകാരം കെട്ടിടങ്ങളും നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| കെട്ടിടത്തിന്റെ പേര് | തറ വിസ്തീർണം (ച.മീ) | കെട്ടിട നം. |
|---|---|---|
| ചർച്ച് ഓഫീസ് & കൗൺസിൽ ഹാൾ | 291 | രേഖപ്പെടുത്തിയിട്ടില്ല |
| പാരിഷ് ഹാൾ | 683 | രേഖപ്പെടുത്തിയിട്ടില്ല |

ഈ കെട്ടിടങ്ങളുടെ കെട്ടിട നമ്പർ, 2018-19 വർഷത്തെ വസ്തുനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ഈ കെട്ടിടങ്ങൾക്ക് നിലവിൽ നമ്പർ നൽകിയിട്ടില്ലെന്നും കെട്ടിടനമ്പർ നൽകി നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്റർ - വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല - വസ്തുനികുതി നിർണ്ണയത്തിന് ബാധകമാകേണ്ട പ്രധാനഘടകം അവഗണിക്കപ്പെടുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6ൽ അടിസ്ഥാന വസ്തുനികുതിന്മേൽ വരുത്തേണ്ട ഇളവുകൾക്കും വർദ്ധനവുകൾക്കും അടിസ്ഥാനമാക്കേണ്ട ഘടകങ്ങളിൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് എന്നിവ പട്ടിക 2 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ പട്ടികയിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനമാർഗ്ഗമുള്ള കെട്ടിടത്തിന് 20% അടിസ്ഥാന വസ്തുനികുതി വർദ്ധനവും 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യത്തിന് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും പൊതുവഴി സൗകര്യം ഇല്ലാത്തതിന് അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവും നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ സഞ്ചയ മൊഡ്യൂളിലെ റോഡ് മാസ്റ്ററിൽ പഞ്ചായത്ത് പ്രദേശത്തുള്ള റോഡുകളുടെ വിവരങ്ങൾ ചേർത്തതായി കാണുന്നില്ല. റോഡുകളുടെ വിവരം രേഖപ്പെടുത്താതെ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ്/വർദ്ധനവ് നൽകുന്നത് ക്രമപ്രകാരമല്ല. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.14/30.11.2019) മറുപടിയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ റോഡുകളുടെ വീതി സംബന്ധിച്ച് സഞ്ചയ റോഡ് മാസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോഡിന്റെ തരം, മേഖല എന്നിവ വസ്തുനികുതി

നിർണ്ണയത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാകയാൽ ഇക്കാര്യം പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയം കൃത്യതയോടെ നടത്താനാവില്ല. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളിൽ ടി വിവരം ഉൾപ്പെടാത്തതിനാൽ തൻവർഷം നടത്തിയ വസ്തുനികുതി നിർണ്ണയത്തിന്റെ നിജസ്ഥിതി ഓഡിറ്റിൽ ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തൻവർഷം നടത്തിയിട്ടുള്ള വസ്തുനികുതി നിർണ്ണയ ഫയലുകൾ പ്രകാരം ഈ ഇനത്തിന് ബാധകമായ വർദ്ധനവ്/ഇളവ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും ഭാവിയിൽ സഞ്ചയ മൊഡ്യൂളിലുള്ള റോഡ് മാസ്റ്ററിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തേണ്ടതുമാണ്. മേൽനിർദ്ദേശങ്ങൾ പരിഗണിച്ച് സഞ്ചയയിൽ കൃത്യമായ വിവരങ്ങൾ ചേർത്ത് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

2018-19 വർഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി നിർണ്ണയവുമായി ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ അന്നമ്മ വർഗീസ് എന്നയാളിന്റെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഒന്നാം നില (തറവിസ്തീർണം -127.40 ച.മീ) 2018-19 ഒന്നാം അർദ്ധവർഷം മുതൽ 63.7 ച.മീറ്റർ വീതമുള്ള രണ്ട് കെട്ടിടങ്ങളായി നികുതി നിർണ്ണയിച്ചപ്പോൾ 247 ബി എന്ന കെട്ടിടത്തെ പ്രഥമമേഖലയിൽ ഉൾപ്പെടുത്തി 446/- രൂപയും 247 സി എന്ന കെട്ടിടത്തെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് നൽകി 402/- രൂപയും നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇപ്രകാരം ഒരേ കെട്ടിടത്തിന്റെ രണ്ട് ഭാഗങ്ങൾ രണ്ട് മേഖലയിൽ ഉൾപ്പെട്ടതെങ്ങനെയെന്ന് വ്യക്തമല്ല. ഇത്തരം പൊരുത്തക്കേടുകൾ വസ്തുനികുതി നിർണ്ണയത്തിലെ അടിസ്ഥാനപരമായ അപാകതകൾ വെളിപ്പെടുത്തുന്നു.

2.2018-19 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ 2/454 ാം നമ്പർ കെട്ടിടത്തന്റെ കംപ്ളീഷൻ പ്ളാൻ പ്രകാരം കവേർഡ് ടെറസ് ആയി ചേർത്തിരിക്കുന്ന 66.35 ച.മീ തറവിസ്തീർണ്ണത്തെ നികുതിനിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

3.18/15എ എന്ന കെട്ടിടനമ്പർ നൽകി 2018-19 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമാക്കിയ അന്വേഷണറിപ്പോർട്ട് പ്രകാരം കെട്ടിടം ദ്വിതീയമേഖലയിലും സഞ്ചയ പ്രകാരം കെട്ടിടം പ്രഥമമേഖലയിലും സ്ഥിതിചെയ്യുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

4.ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ 14/543-ാം നം. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം (തറ വിസ്തീർണ്ണം- 67 ച.മീ) 56 ച.മീ -പാർപ്പിടം, 11.60 ച.മീ വാണിജ്യാവശ്യം എന്നിങ്ങനെ വിഭജിച്ച് നമ്പർ നൽകാനുള്ള അപേക്ഷപ്രകാരം നികുതി നിർണ്ണയിച്ചപ്പോൾ വാണിജ്യാവശ്യത്തിനുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള (കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ളാൻ പ്രകാരം) കെട്ടിടത്തിന് കുറഞ്ഞതരം മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള 10% ഇളവ് നൽകി 14/543 എ നമ്പർ നൽകി നികുതി നിർണ്ണയിച്ചതായും 14/543 ാം നം കെട്ടിടം 67 ച.മീ വിസ്തീർണ്ണമുള്ളതായും സഞ്ചയ പ്രകാരം കാണുന്നു.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.15/02.12.19) മറുപടിയിൽ മേൽപ്പറഞ്ഞ 4 കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച്, ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

<u>ഓഡിറ്റോറിയങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് കെട്ടിടങ്ങളെ മാത്രമാണ് അസംബ്ലി കെട്ടിടം/ഓഡിറ്റോറിയം/കൺവൻഷൻ സെന്റർ എന്ന വിഭാഗത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് വാടക ഈടാക്കി സേവനം വിട്ടുനൽകുന്ന ഓഡിറ്റോറിയങ്ങൾ, പാരിഷ് ഹാളുകൾ എന്നിവ പഞ്ചായത്ത് പ്രദേശത്തുണ്ടെന്ന് വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകൾ വ്യക്തമാക്കുന്നു. ആയതിനാൽ ആവശ്യമായ പരിശോധന നടത്തി

ഇപ്രകാരമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇപ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനം കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-15 വിമുക്തഭടന്മാർക്കുള്ള വസ്തുനികുതിയിളവ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം വിമുക്തഭടൻമാർക്ക് വസ്തുനികുതിയിളവ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സ.ഉ.(കൈ)നം.106/17/തസ്വഭവ തീയതി 26.05.2017 പ്രകാരമുള്ള വ്യവസ്ഥകൾ എല്ലാം പാലിച്ചതായി കാണുന്നില്ല. ഈ ഉത്തരവിലെ 5-ാമത്തെ വ്യവസ്ഥ പ്രകാരം കെട്ടിട നികുതിയിളവിന് അർഹരായവരുടെ നികുതി സംബന്ധമായി ഒരു പ്രത്യക രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ തൻവർഷം എത്ര പേർക്ക് നികുതിയിളവ് നൽകിയെന്ന് വ്യക്തമല്ല. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്ന പക്ഷം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശവും പാലിക്കപ്പെട്ടില്ല. ആയതിനാൽ ഇപ്രകാരമുള്ള മാറ്റങ്ങൾ, നിരീക്ഷിക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല. കെട്ടിടനികുതിയിളവിന് അർഹരായവർ (ഓരോ വർഷവും മാർച്ച് 31 ന് മുൻപ്)/പുതിയതായി അപേക്ഷിക്കുന്നവർ മേൽ ഉത്തരവ് പ്രകാരം നൽകേണ്ട സാക്ഷ്യപത്രം എല്ലാവരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാക്കാത്ത നികുതിദായകരുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|
| 1 | 12/564 | എം എ ആന്റണി |
| 2 | 6/512എ | സിബി ജോർജ് |
| 3 | 15/328 | കുര്യൻ ആന്റണി |
| 4 | 12/326 | ഇയ്യോ ഫിലിപ്പോസ് |
| 5 | 1/6 | എച്ച് അസീസ് |
| 6 | 14/84 | വർഗീസ് തോമസ് |
| 7 | 15/292 | രമേശ് ചന്ദ്രൻ നായർ |
| 8 | 14/359 | കുര്യൻ പി ജെ |
| 9 | 10/7 | വിനോദ് പി ആർ |
| 10 | 13/380 | ഹരികുമാർ കെ എൻ |
| 11 | 16/111 | കെ ആർ രാമചന്ദ്രൻ |
| 12 | 9/89 | സി കെ രാജപ്പൻ |
| 13 | 19/85 | ജോസഫ് ചാക്കോ |
| 14 | 17/316 | മാത്യു കെ റ്റി |
| 15 | 8/419 | ദേവദാസൻ |
| 16 | 11/425 | ജോൺ അഗസ്റ്റി |

| | | |
|---|---|---|
| 17 | 19/63 | ഷാജി എം എം |
| 18 | 8/436 | ജോ തോമസ് |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നതാണെന്നും രജിസ്റ്റർ തയ്യാറാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ടാണ് നികുതിയിളവ് നൽകുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതും ഇക്കാര്യത്തിൽ ആർക്കെങ്കിലും അനർഹമായി നികുതി ഇളവ് നൽകിയതായി ബോധ്യപ്പെട്ടാൽ പ്രസ്തുത വ്യക്തികളുടെ കെട്ടിടങ്ങൾക്ക് നിയമാനുസൃതം നികുതി ചുമത്തേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഇനത്തിൽ തുക ഒടുക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | BOND Estate & Financial Services, കുന്നംപുറം, തൃക്കൊടിത്താനം |
| 2. | Vadakkemuriyil Money way Finance കുന്നംപുറം, തൃക്കൊടിത്താനം |
| 3. | FTTH Internet & Cable Television (Asianet), തൃക്കൊടിത്താനം |
| 4. | അഷ്ടാംഗ ആയുർവേദ നേഴ്സിംഗ് കോളേജ്, തൃക്കൊടിത്താനം (രണ്ടാം അർദ്ധവർഷം) |

ടി വിവരം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.30/03.12.2019)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകത

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 2018-19 വർഷത്തെ രജിസ്റ്റർ പ്രകാരം 327 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 407 സ്ഥാപനങ്ങളുടെ വിവരം ചേർത്തിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ എണ്ണം 901 ഉം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ എണ്ണം 138 ഉം ഇതരവ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം 42 ഉം ആണ്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല, എല്ലാ സ്ഥാപനത്തിന്റെയും അപേക്ഷകൾ ലഭ്യമാക്കിയിട്ടുമില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപങ്ങളെല്ലാം ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട് (1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായിട്ടുള്ള പട്ടിക 1-ൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയിൽ ഷോപ്പുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9 റേഷൻ കടകൾക്കും ലൈസൻസ് എടുക്കണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 കെട്ടിടങ്ങളുടെ ക്രമവത്കരണം - ഫീസ് കുറവായി ഈടാക്കുന്നു

ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ക്രമവൽക്കരണം നടത്തി കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറി 11.11.2015-ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് 229813/ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെയുള്ള നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്(പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 10/-, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 14/-). ഈ വിഷയത്തിൽ ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ സങ്കേതം സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതനുസരിച്ച് ഇപ്രകാരം ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 ബിൽഡിംഗ് പെർമിറ്റ് നൽകിയതിലെ അപാകത

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ നിഷാന്ത് രാജശേഖരൻ നായർ എന്നയാൾക്ക് വാണിജ്യാവശ്യത്തിനുള്ള 303.76 ച.മീ കെട്ടിടത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015ാം നം സർക്കുലറിലെ നിർദ്ദേശങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. സർക്കുലറിലെ 6-മത്തെ നിർദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ, വിസ്തീർണം, കെട്ടിടത്തിന്റെ കൈവശഗണം/ ഉപയോഗം, വിസ്തീർണം, എഫ്,എ.ആർ.,നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ടനിർമ്മാണം കെട്ടിടനിർമ്മാണനിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ, പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിന് പെർമിറ്റിനുള്ള അപേക്ഷ അപാകത ചൂണ്ടിക്കാട്ടി ഫയൽ മടക്കിയതായും അപാകത പരിഹരിച്ച് വീണ്ടും എഞ്ചിനീയറിംഗ്

വിഭാഗത്തിന്റെ റിപ്പോർട്ടിനായി നൽകുകയും ചെയ്തതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം റിപ്പോർട്ട് ലഭ്യമാക്കുകയാണ് ചെയ്തത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കൃത്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം പെർമിറ്റ് നൽകുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-21 ലേലം-വ്യവസ്ഥ പാലിച്ചിട്ടില്ല.

2018-19 വർഷം ഗ്രാമപഞ്ചായത്തിലെ ഓഫീസ് വാഹനമായിരുന്ന മഹീന്ദ്ര ബൊലേറോ ജീപ്പ് 16.04.2018 ൽ ലേലം ചെയ്യുകയും അജിത് റ്റി.തോമസ് എന്നയാൾ ലേലം കൊള്ളുകയും 18.04.2018 ൽ ടിയാൻ വാഹനവും രേഖകളും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലേല്യവ്യവസ്ഥ (നം.4) പ്രകാരം ലേലം അംഗീകരിച്ചതിന് ശേഷം വാഹനത്തിന്റെ ഉടമസ്ഥാവകാശം ലേലം കൊണ്ടയാളുടെ പേർക്ക് സ്വന്തം ചെലവിൽ 15 ദിവസത്തിനകം മാറ്റേണ്ടതാണെന്ന നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല. ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയുടെ (നം.16/02.12.19) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലേലവ്യവസ്ഥ പാലിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം - കണക്കുകളിൽ പൊരുത്തക്കേട്

കേരള വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 31.3.19 ൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 31,15,747/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 5/19 ലെ ബിൽ പ്രകാരം 30,94,611/- രൂപ കുടിശ്ശികയും 60,675/- രൂപ ഫൈനും തൻമാസ വെള്ളക്കരം 88,375/- രൂപയും ഉൾപ്പെടെ 32,43,661/- രൂപയുടെ ഡിമാന്റ് നോട്ടീസ് ലഭിച്ചപ്പോൾ വെള്ളക്കരം കുടിശ്ശികയും ഫൈനും ഉൾപ്പെടെ ഭീമമായ കുടിശ്ശികയാണ് വരുന്നതെന്നും ടി കുടിശ്ശിക ഒഴിവാക്കി നല്കണമെന്നും കാണിച്ച് പഞ്ചായത്ത് 19.6.19 ൽ ജലവിഭവ വകുപ്പ് മന്ത്രിക്ക് കത്ത് നല്കി. അതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി 23.7.19 ലെ കെ.ഡബ്ല്യു.എ/എച്ച്.ഒ/ ആർ.എം.സി/ആർ-6/166/18(1) നം കത്ത് പ്രകാരം വെള്ളക്കരം കുടിശ്ശിക 12,29,307 രൂപയായി കുറവു ചെയ്തതായി അറിയിക്കുകയും ടി തുക അടവാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഇത്രയും തുക വെള്ളക്കരം കുടിശ്ശികയിനത്തിൽ ഡിമാനന്റ് ചെയ്യപ്പെടാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ രേഖകൾ പരിശോധിക്കുകയും ചെയ്തതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരള വാട്ടർ അതോറിറ്റി, തിരുവല്ല എക്സിക്യൂട്ടീവ് എൻജിനീയറുടെ 4.6.2009 ലെ എ5/1274/05 നം കത്ത് പ്രകാരം വെള്ളക്കരം കുടിശ്ശികയായി 2009 ജൂലായ് മാസം 31 വരെ 618988 രൂപ അടയ്ക്കാനുള്ളതായി പഞ്ചായത്തിനെ അറിയിച്ചിരുന്നു. ഉടർന്നുള്ള വർഷങ്ങളിലെ സർക്കാർ ഗ്രാന്റിൽ നിന്നും നേരിട്ട് തുകകൾ കുറവ് ചെയ്ത് വാട്ടർ അതോറിറ്റിയിൽ കുടിശ്ശികയിനത്തിൽ അടവു വരുത്തിയിട്ടുണ്ട്.

| വർഷം | കുറവ് ചെയ്ത തുക | ഫണ്ട് |
|---|---|---|
| 2010-11 | 636924 | ജനറൽ പർപ്പസ് ഫണ്ട് |
| 2010-11 | 636923 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 2011-12 | 33870 | പ്ലാൻ ഫണ്ട് (ജനറൽ) |

| | | |
|---|---|---|
| 2011-12 | 83470 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 2012-13 | 3640 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| 2018-19 | 96785 | ജനറൽ പർപ്പസ് ഫണ്ട് |
| 2018-19 | 10426 | വികസന ഫണ്ട് -ജനറൽ |
| 2019-20 | 58571 | വികസന ഫണ്ട് -ജനറൽ (ഒന്നാം ഗഡു) |
| 2019-20 | 23428 | ജനറൽ പർപ്പസ് ഫണ്ട് - (ഒന്നാം ഗഡു) |
| 2019-20 | 23428 | ജനറൽ പർപ്പസ് ഫണ്ട് (രണ്ടാം ഗഡു) |
| 2019-20 | 23428 | ജനറൽ പർപ്പസ് ഫണ്ട് (മൂന്നാം ഗഡു) |
| 2019-20 | 23428 | ജനറൽ പർപ്പസ് ഫണ്ട് - (നാലാം ഗഡു) |
| 2019-20 | 23428 | ജനറൽ പർപ്പസ് ഫണ്ട് (അഞ്ചാം ഗഡു) |
| 2019-20 | 23428 | ജനറൽ പർപ്പസ് ഫണ്ട് (ആറാം ഗഡു) |
| 2019-20 | 58571 | വികസന ഫണ്ട് (രണ്ടാം ഗഡു) |

2010-11-ൽ തന്നെ പഞ്ചായത്ത് രണ്ട് ഗഡുക്കളായി തുക അടവാക്കി അതുവരെയുള്ള കുടിശ്ശിക തീർത്തിരുന്നു. എന്നാൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും വെള്ളക്കരമിനത്തിൽ കുറവു ചെയ്ത തുകകൾ ഒന്നും തന്നെ വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക കണക്കുകളിൽ നിന്നും കുറവ് ചെയ്യാതെ വീണ്ടും വീണ്ടും തുകകൾ കുടിശ്ശികയായി കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കുകയാണുണ്ടായത്. ടി തുകയിന്മേൽ പലിശയും പിഴപ്പലിശയും കണക്കാക്കിയതുമൂലം 2019 ആയപ്പോഴേയ്ക്കും കുടിശിക 30,94,611/- രൂപയായി വർദ്ധിച്ചതായി വാട്ടർ അതോറിറ്റി അറിയിച്ചു. എന്നാൽ പഞ്ചായത്തിലെ രേഖകളിൽ നിന്നും കുടിശ്ശിക പൂർണ്ണമായും അടച്ചു തീർത്തിരുന്നുവെന്ന് വ്യക്തമാകുന്നു. മാത്രമല്ല, 2011-12 മുതൽ പദ്ധതി വിഹിതത്തിൽ നിന്നും വെള്ളക്കരം കുടിശ്ശികയിനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക വാട്ടർ അതോറിറ്റിയിൽ അധികമായി അവശേഷിക്കുന്നു. അധികമായി അടവാക്കിയ തുകകളുടെ കണക്കിലെ കൃത്യത ഉറപ്പാക്കി ടി തുക പ്രതിമാസം വെള്ളക്കരമിനത്തിൽ അടവാക്കുന്ന തുകയിൽ ക്രമീകരിക്കുകയോ അല്ലാത്തപക്ഷം തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്. ടി വിഷയം ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/30.11.19) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വേളയിൽ തന്നെ പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെട്ട ടീം വാട്ടർ അതോറിറ്റി സന്ദർശിച്ച് കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ 202 പൊതുടാപ്പുകളുടെ വാട്ടർചാർജ്ജിനത്തിൽ പ്രതിമാസം 88,575/- രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. സമീപ വർഷങ്ങളിൽ ടാപ്പുകളുടെ സംയുക്ത പരിശോധന വാട്ടർ അതോറ്റിയുമായി നടത്തിയിട്ടില്ല. ആയതും അടിയന്തിരമായി നടത്തി വിവരം അറിയിക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

### 1-23 സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്കിനെ നിയമിച്ചു

എ.ഇ., എൽ.എസ്.ജി.ഡി. ഓഫീസിൽ ക്ളർക്കിന്റെ തസ്തിക നിലവിലില്ല. എന്നാൽ എ.ഇ.എൽ.എസ്.ജി.ഡി.ഓഫീസിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ 1.11.2018 മുതൽ ക്ളർക്കിനെ നിയമിച്ചതായി കാണുന്നു. ടി നിയമനം ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും നിയമന രീതി എപ്രകാരമാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് എൽ.എസ്.ജി.ഡി വിഭാഗത്തിന് ഒരു ക്ളർക്കിന്റെ സേവനം അത്യാവശ്യമായതിനാൽ ഭരണ സമിതിയുടെ 26.10.18 ലെ 10ലെ(6) നം. തീരുമാനത്തിന്റെ അടിസ്ഥാനത്തിലും 2.3.2009 ലെ 79865/ഇപിഎ1/ 08/ത.സ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജോലി ഭാരം ലഘൂകരിക്കുന്നതിന് യോഗ്യരായവരെ നിയമിക്കാമെന്ന് സൂചിപ്പിച്ചിട്ടുള്ളതു കൂടി കണക്കിലെടുത്താണ് നിയമനം നടത്തിയതെന്നും മറുപടി നല്കി. ധനകാര്യ (വ്യയം -സി) വകുപ്പിൽ നിന്നുള്ള 11.1.19 ലെ 3/2019/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്നും തുടർച്ചയായി 179 ദിവസത്തേക്ക് മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാർ നിർദ്ദേശങ്ങൾക്കു വിധേയമായി ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ടതാണ്.

### 1-24 അമര കുടിവെള്ള പദ്ധതി - ബൃഹത്പദ്ധതി - നാളിതുവരെ കമ്മീഷൻ ചെയ്തിട്ടില്ല

തൃക്കൊടിത്താനം പഞ്ചായത്തിലെ കിഴക്കൻ പ്രദേശത്ത് പട്ടികജാതി വിഭാഗം ജനങ്ങൾ കൂടുതലായി താമസിക്കുന്ന അഞ്ച് വാർഡുകളിലെ രൂക്ഷമായ കുടിവെള്ളക്ഷാമ പ്രശ്നം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് അമര കുടിവെള്ള പദ്ധതി. കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിക്കായി 2014-15 വർഷം മുതൽ 2018-19 വർഷം വരെ 1,63,42,288/- രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വികസന ഫണ്ട് (ജനറൽ) | വികസന ഫണ്ട് (എസ്.സി.പി) | സി.എഫ്.സി | ബ്ളോക്ക് ഷെയർ | ആകെ |
|---|---|---|---|---|---|
| 2014-15 | | 3090465 | | | 3090465 |
| 2015-16 | 3875000 | | | | 3875000 |
| 2017-18 | - | 624488 | 3500000 | 4000000 | 8124488 |
| 2018-19 | | | | 1252335 | 1252335 |
| | 3875000 | 3714953 | 3500000 | 5252335 | 16342288 |

ടി പദ്ധതിയുടെ എസ്റ്റിമേറ്റ്, തുകയുടെ വിനിയോഗ വിവരങ്ങൾ എന്നിവ പഞ്ചായത്തിൽ ലഭ്യമായിരുന്നില്ല.

ഭീമമായ തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും ടി പദ്ധതിക്കായി വാട്ടർ അതോറിറ്റിയുമായി കരാറിൽ എർപ്പെട്ടിട്ടുമില്ല. ഒരോ വർഷവും കുടിവെള്ള പദ്ധതിക്കായി തുകകൾ വകയിരുത്തുകയും ടി തുക വാട്ടർ അതോറിറ്റിയിലേക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തു വരുന്നത്. നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ, ടി പദ്ധതിയുടെ എസ്റ്റിമേറ്റ് സംബന്ധിച്ച വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും ഉൾപ്പെട്ട ടീം വാട്ടർ അതോറിറ്റിയിൽ നേരിട്ട് പോയി വിവരങ്ങൾ അന്വേഷിച്ച് ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കി. വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 2014-15 ൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ നിന്നും 20,91,965/- രൂപ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട് . 2015-16 വർഷം മുതൽ നിക്ഷേപിച്ച തുകയിൽ നിന്നും 70,800/- രൂപ ജലസംഭരണി സ്ഥാപിക്കേണ്ട സ്ഥലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായും 63,000/- രൂപ ജലസംഭരണയുടെ ഡിസൈൻ പ്രവൃത്തിക്കായും 1,37,698/- രൂപ വിതരണ ശൃംഖലയുടെ സർവ്വെ ജോലികൾക്കായും ചെലവഴിച്ചിട്ടുള്ളതായി വാട്ടർ അതോറിറ്റി അറിയിച്ചു. അമര കുടിവെള്ള പദ്ധതിക്കായി നിക്ഷേപിച്ച തുകയിൽ 1,39,78,825/- രൂപ നിലവിൽ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്നു. ഭീമമായ തുക വിവിധ വർഷങ്ങളിലായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. 2.12.2019 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ വാട്ടർടാങ്കിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായി കണ്ടു.

അമര കുടിവെള്ളപദ്ധതിയിൽ ഇനിയും 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ളതും ഉയരത്തിൽ സ്ഥാപിക്കുന്നതുമായ ജലസംഭരണിയുടെ നിർമ്മാണം, തൃക്കൊടിത്താനം ബൂസ്റ്റിംഗ് സ്റ്റേഷനിൽ നിന്നും അമര ജലസംഭരണി വരെയുള്ള പമ്പിംഗ് മെയിൻ ഇടുന്ന പ്രവൃത്തി, വിതരണ ശൃംഖല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേണ്ടതായുണ്ട്. ജലസംഭരണി നിർമ്മാണം, പമ്പിംഗ് മെയിൻ ഇടുന്ന പ്രവൃത്തി എന്നിവയുടെ എസ്റ്റിമേറ്റ് തുക 85.62 ലക്ഷം രൂപയാണ്. 40 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുന്നതുൾപ്പടെ ടി പദ്ധതിക്കായി ഏകദേശം 485 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് തന്നെ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള തീവ്രനടപടികൾ സ്വീകരിച്ചു വരുകയാണെന്ന് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്. നിരവധി പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ ഉതകുന്ന ബൃഹത് പദ്ധതിയായ അമര കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് വിനിയോഗിച്ച തുകയ്ക്ക് അനുസൃതമായ ഭൗതികലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്- വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

മാടപ്പള്ളി ബ്ലോക്കിലെ തന്നെ പ്രഥമസംരംഭമായ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് 3-ാം വാർഡിൽ അൽഫോൻസാ നഗറിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 3 വർഷത്തേയ്ക്കാണ് ടി കെട്ടിടം വാടകയ്ക്ക് എടുത്തിട്ടുള്ളത്. പ്രതിമാസം 5000 രൂപ ടി കെട്ടിടത്തിന് വാടകയിനത്തിൽ നല്കുന്നുമുണ്ട്. തൻ വർഷം ടി വസ്തുവിനു ചുറ്റും മറയ്ക്കുന്നതിനും ഗേറ്റ് സ്ഥാപിക്കുന്നതിനുമായി 40029/- രൂപയും ടി കെട്ടിടത്തിൽ ത്രീ ഫേസ് കണക്ഷൻ എടുക്കുന്നതിനായി 26516/- രൂപയും തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 3 വർഷക്കാലയളവിനുള്ളിൽ സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിത് മെഷീൻ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തീരുമാനം എടുക്കുകയും സ്ഥലം വാങ്ങുന്നതിനായി 2019-20 ൽ പ്രോജക്ട് ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനയിൽ ഷ്രെഡ്ഡിംഗ് യൂണിറ്റ് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതായി കണ്ടു. എങ്കിലും ഷ്രെഡിംഗ് യൂണിറ്റിന് സ്വന്തം സ്ഥലം, കെട്ടിടം എന്നിവ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് വർക്കുകൾ -കരാറിൽ ഏർപ്പെടുന്നില്ല

തൻവർഷം വിവിധ സർക്കാർ ഏജൻസികൾ/വകുപ്പുകളിലേക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം തുകകൾ

ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക | ഫണ്ട് | നിർവ്വഹണ ഏജൻസി/സ്ഥാപനം | വൗച്ചർ നം /ബിൽ നം. |
|---|---|---|---|---|
| സുജലം പദ്ധതി 242/19 | 1000000 | ബ്ളോക്ക് ഷെയർ | മൈനർ ഇറിഗേഷൻ ഡിവിഷൻ,കോട്ടയം | 21801430/28.3.19 |
| ആർദ്രം പദ്ധതി | 3277985<br>400000 | ധനകാര്യ കമ്മിഷൻ ഗ്രാന്റ്<br>മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ഡിസ്ട്രിക്ട് ഹെൽത്ത് ഫാമിലി വെൽഫെയർ സൊസൈറ്റി, ആരോഗ്യ കേരളം | 39/31.12.18<br>38/31.12.18 |
| അമര കുടിവെള്ള പദ്ധതി 316/19 | 1252335 | ബ്ളോക്ക് ഷെയർ | വാട്ടർ അതോറിറ്റി, തിരുവല്ല | 21800447/29.3.19 |
| കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ 63/19 | 134000 | 13ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | വാട്ടർ അതോറിറ്റി, തിരുവല്ല | 60/28.3.19 |
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ വാർഡ്2 262/19 | 93000 | | വാട്ടർ അതോറിറ്റി, തിരുവല്ല | 1/18.5.18 |
| കടമാൻചിറ എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ 236/19 | 500000 | വികസന ഫണ്ട് (എസ്.സി.പി) | വാട്ടർ അതോറിറ്റി, തിരുവല്ല | 44/11.3.19 |

വിവിധ സർക്കാർ ഏജൻസികൾക്ക് പ്രോജക്ടുകൾക്കായി തുകകൾ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ അവയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് ആവശ്യപ്പെടാത്തതായും ഏജൻസികൾ നിർവ്വഹണത്തിനായി തുക ആവശ്യപ്പെട്ടപ്പോൾ തന്നെ ആവശ്യപ്പെടുന്ന മുഴുവൻ തുകയും എസ്റ്റിമേറ്റ് പരിശോധിക്കാതെ തന്നെ ഡെപ്പോസിറ്റ് ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടു. കൂടാതെ ടി ഏജൻസികളുമായി കരാറിൽ ഏർപ്പെടുന്നതുമില്ല. മുദ്രപത്രങ്ങൾ യാതൊരു വിധ രേഖപ്പെടുത്തലുകളുമില്ലാതെ ശൂന്യമായി ഫയലിൽ സൂക്ഷിക്കുന്നതായി കാണുന്നു. ടി നടപടി ക്രമപ്രകാരമല്ല. പദ്ധതികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതും, കൃത്യമായി കരാറിൽ ഏർപ്പെടേണ്ടതും, പൂർത്തീകരണത്തിനു ശേഷം വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് ചെയ്യപ്പെട്ട തുകയ്ക്ക് അനുസൃതമായ മൂല്യത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധമായ വിശദമായ മൂല്യനിർണ്ണയ പത്രികകളും മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ലഭ്യമാക്കേണ്ടതുമാണ്.

### 1-27 ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ച തുക ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു - പ്ലാൻ ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകി

വി.ഇ.ഒ., കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾക്കായി 2017-18, 2018-19 എന്നീ വർഷങ്ങളിൽ പിരിച്ച തുകകൾ തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടിനായി മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്/ നം. | വർഷം | ബിൽ നം./ തീയതി | തുക | ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ച തുകയുടെ വിശദാംശം |
|---|---|---|---|---|---|
| വി.ഇ.ഒ. | ഖരമാലിന്യ സംസ്കരണം (33/17-18) | 2017-18 | 03/17-18 28.03.18 | 61,340 | 164600/- (റിംഗ് കമ്പോസ്റ്റിനായി 83 ഗുണഭോക്താക്കളിൽ നിന്നും 1250/- രൂപ വീതം ആകെ 103750/- രൂപ പൈപ്പ് കമ്പോസ്റ്റിനായി 13 ഗുണഭോക്താക്കളിൽ നിന്നും 450/- രൂപ വീതം ആകെ 5850/- രൂപ, ബയോഗ്യാസ് പ്ലാന്റിനായി 10 ഗുണഭോക്താക്കളിൽ നിന്നും 5500/- രൂപ വീതം 55000/- രൂപ) |
| വി.ഇ.ഒ. | ഖരമാലിന്യ സംസ്കരണം (328/18-19) | 2018-19 | 01/18-19/ 18.09.18 | 1,47,216 | |
| | | | 12/18-19/ 30.11.18 | 98,144 | |
| | | | 32/18-19/ 08.03.19 | 17,500 | |
| കൃഷി ഓഫീസർ | ഫലവൃക്ഷത്തൈ വിതരണം (82/18-19) | 2018-19 | 19/18-19/ 23.03.19 | 75,000 | 18750/- രൂപ (150 ഫലവൃക്ഷത്തൈ വിതരണത്തിനായി 125/- രൂപ വീതം) |

മേൽ പട്ടിക പ്രകാരം വി.ഇ.ഒ.ചെലവഴിച്ച ആകെ 3,24,200/- രൂപയിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കേണ്ട 1,64,600/- രൂപ, കൃഷി ഓഫീസർ ചെലവഴിച്ച 75,000/- രൂപയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കേണ്ട 18,750/- രൂപ എന്നിവ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് നിർദ്ദിഷ്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

### 1-28 വൃദ്ധർക്ക് കട്ടിൽ -ആവശ്യാധിഷ്ഠിതമായല്ലാതെ വാങ്ങൽ നടത്തി - 15 കട്ടിലുകൾ വിതരണം ചെയ്യാനവശേഷിക്കുന്നു

I)മുതിർന്ന പൗരന്മാർക്ക് കട്ടിൽ വിതരണം (എസ്.സി.പി)

| | |
|---|---|
| പ്രോജക്ട് നം. | 0015/2018-19 |
| അടങ്കൽ | 453400/- |
| ചെലവ് | 361920/- (11/2018-19) |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി |

ഒരു കട്ടിലിന് 4350/- രൂപ നിരക്കിൽ 103 കട്ടിലുകൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പ്രകാരം 96 കട്ടിലുകൾ മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുള്ളത്. ഇത് സംബന്ധമായി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/02.12.19) നൽകിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാലാണ് 7 കട്ടിലുകൾ വിതരണം നടത്തുവാൻ സാധിക്കാതിരുന്നത് എന്ന് വിശദീകരിച്ചിട്ടുണ്ട്. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ 9 കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി കണ്ടെത്തുകയുണ്ടായി. ടി വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചതിൽ 2 ആളുകൾ വിതരണ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടിയാളുകൾക്കും കട്ടിൽ വിതരണം ചെയ്തിട്ടില്ല എന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ വാങ്ങിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ, ടി കട്ടിലുകൾ 2019-20 വർഷം അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയോ അധികം ചെലവഴിച്ച തുക തിരികെ അടവാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം. | 65/-19 |
| അടങ്കൽ -ബ്ലോക്ക് ഷെയർ<br>വികസന ഫണ്ട് (ജനറൽ) | 200000/-<br>435000/- |
| ചെലവ് | 190530/-<br>314070/- (29/20.11.18) |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം 145 കട്ടിലുകൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണരേഖകൾ പ്രകാരം 139 കട്ടിലുകൾ മാത്രമാണ് ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുള്ളത്. സ്ഥലപരിശോധനയിൽ 6 കട്ടിലുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കണ്ടു. ടി കട്ടിലുകൾ വാങ്ങാൻ ഗുണഭോക്താക്കൾ എത്താതിരുന്നതിനാലാണ് വിതരണം നടത്താതിരുന്നതെന്നും ഉടൻ വിതരണം ചെയ്യുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. അർഹരായവർക്ക് കട്ടിലുകൾ വിതരണം ചെയ്ത് വിവരം അറിയിക്കാത്ത പക്ഷം തുക തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവശ്യാധിഷ്ഠിതമല്ലാതേയും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെയും വാങ്ങലുകൾ നടത്തുന്ന പ്രവണത കർശനമായി ഒഴിവാക്കേണ്ടതാണ്.

### 1-29 അങ്കണവാടികൾക്ക് വാടക - നടപടിക്രമങ്ങളിൽ അപാകം

പ്രോജക്ട് നം.- 32/18-19

| ഫണ്ടിനം | റോഡിതരം | ആകെ |
|---|---|---|
| അടങ്കൽ തുക | 160000 | 1000000 |
| ചെലവ് തുക | 156876 | 250000 |

| ബിൽ നം.,തീയതി | തുക |
|---|---|

| | |
|---|---|
| 06/18-19, 23.10.18 | 91511 |
| 19/18-19, 30.01.19 | 36930 |
| 20/18-19, 30.01.19 | 2289 |
| 27/18-19, 16.03.19 | 26146 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, വാടകയ്ക്ക് എടുത്തിരിക്കുന്ന അങ്കണവാടികൾക്ക് നല്കുന്നതിനായി കെട്ടിട വാടകയിനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകകൾ മാറി നല്കിയിട്ടുള്ളത് അങ്കണവാടി വർക്കർമാരുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്കാണ്. യഥാർത്ഥ കെട്ടിടയുടമയുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് മാറി നല്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/29.11.19) വർക്കറുടെ കൈയ്യിൽ നിന്നും എല്ലാ മാസവും വാടകക്കാരന് തുക നല്കുന്നതിനാലാണ് തുക വർക്കറുടെ അക്കൗണ്ടിലേയ്ക്ക് മാറി നല്കിയതെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നല്കിയിട്ടുള്ളത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കെട്ടിട ഉടമസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നല്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-30 അനുപൂരക പോഷകാഹാര പദ്ധതി - അധിക തുക ചെലവഴിച്ചു

പ്രോജക്ട് നം. 06/18-19

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വാങ്ങുന്ന സാധനങ്ങൾ ഗ്രാമ പഞ്ചായത്തിലെ 34 അങ്കണവാടികളിൽ കിലോ ഗ്രാമിന് 2.25 രൂപ നിരക്കിൽ എത്തിച്ചു നല്കുന്നതാണെന്ന് ശ്രീ.സോമരാജൻ എ.റ്റി., ആവണി, കുരിശുംമൂട് (ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുക) എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാന് ക്വട്ടേഷൻ ഉറപ്പിച്ച് നല്കിയിട്ടുമുണ്ട്. ഫയൽ പരിശോധിച്ചതിൽ, 13207 കിലോ ഗ്രാം സാധനങ്ങൾ ഇറക്കിയതിന് 29716 രൂപ നല്കുന്നതിന് പകരം 33383 രൂപയാണ് നല്കിയിട്ടുള്ളത്. 3667 രൂപ അധികം നല്കിയതായി കാണുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/29.11.19) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഈടാക്കി അറിയിക്കുന്നതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, അധികം നല്കിയ 3667/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 1-31 മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, തുക്കൊടിത്താനം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 9/19 നം. പ്രോജക്ട് പ്രകാരം 225000/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് (അ.നം.3624001800000019) ബിൽ നംപർ 5/18-19 തീയതി 18-9-2018 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 143106.84 രൂപയ്ക്കുള്ള മരുന്നുകൾ കിട്ടാനുണ്ട്. മരുന്നുകളുടെ ലഭ്യതയില്ലായ്മ മൂലം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥ കർശനമായി ഒഴിവാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 143107/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

### 1-32 ലൈഫ് ഭവനനിർമ്മാണ പ്രോജക്ടുകൾ - ചില ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി (ജനറൽ)

പ്രോജക്ട് നം. 46/18-19
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

ലൈഫ് ഭവന പദ്ധതിയുടെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ഒന്നാം ഗഡു തുക (40000/-രൂപ) കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി തുടങ്ങിയിട്ടില്ലയെന്ന് കാണുന്നു.

| തുക കൈപ്പറ്റിയ ആളുടെ പേര്, മേൽവിലാസം | ചെക്ക് നം., തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| ബാബു.കെ.എം /ശാന്തമ്മ, കരിമ്പിൽ | 617052, 21.02.2019 | 40000/- |
| സന്ധ്യ.ജി. ഉറവയിൽ | 617055, 08.03.2019 | 40000/- |
| പത്മകുമാർ / ശോഭനാകുമാരി , കളത്തിപ്പറമ്പിൽ | | 40000/- |
| സോഫിയാമ്മ / മോൻസി തോമസ് , വട്ടക്കേരിയിൽ | | 40000/- |
| സലീം /ഷിംല, പുതുപ്പറമ്പിൽ | | 40000/- |
| രാധ, പടിക്കാക്കളം | 617053, 23.02.2019 | 40000/- |

ഇത് സംബന്ധമായി വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/02.12.19) ലഭ്യമാക്കിയ മറുപടിയിൽ സ്ഥലത്തെ വെള്ളക്കെട്ടുകൾ മൂലം ടി ആളുകൾക്ക് പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല എന്നും പണി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി ആളുകളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

II)ലൈഫ് ഭവന പദ്ധതി (എസ്.സി)

പ്രോജക്ട് നം. -എസ് 0090/2018-19

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയുടെ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഒന്നാം ഗഡു തുകയായ 40000/- രൂപ കൈപ്പറ്റിയ ശ്രീമതി മോളമ്മ ബേബി, പോട്ടയിൽ പുതുപ്പറമ്പ് നാളിതുവരെ പണി തുടങ്ങിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/02.12.19) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവ് കാൻസർ രോഗബാധിത ആണെന്ന മറുപടി ലഭിച്ചു. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താവിന്റെ പ്രത്യേകാവസ്ഥ പരിഗണിച്ച് സർക്കാരിൽ നിന്നും തുടർനടപടി സംബന്ധിച്ച നിർദ്ദേശം തേടാവുന്നതുമാണ്.

## 1-33 എസ്.എസ്.എ. വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തീയതി |
|---|---|---|---|---|---|---|
| എസ്.എസ്.എ. ജനറൽ | 3/19 | വികസനഫണ്ട് ജനറൽ | 7,75,000 | 7,75,000 | 1/2018-19 | 14.5.18 |
| എസ്.എസ്.എ. എസ്.സി.പി | 5/19 | വികസനഫണ്ട് എസ്.സി.പി. | 97,863 | 97,863 | 2/2018-19 | 14.5.18 |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പ്രകാരം എസ്.എസ്.എ. കോട്ടയം പേർക്ക് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 8,72,863/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 വിവിധ മരാമത്ത് പ്രവൃത്തികൾ - പിഴ ഈടാക്കിയതിൽ കുറവ്

1. പ്രോജക്ട് 339/19 – മാളിയേക്കൽ പടി കുരിശിങ്കൽ പടി റോഡ് ടാറിംഗ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 250000(224030 വികസന ഫണ്ട്+25970 തനത് ഫണ്ട്) |
| ചെലവ് | 172844 (വികസന ഫണ്ട്) |
| എം. ബുക്ക് നം. | 78/17-18 |
| ബിൽ നം. തീയതി | 44144/- 132/18-19/23.3.2019<br>128700/- 39/18-19/14.8.2018 |
| കോൺട്രാക്ടർ | ശ്രീ.ബാബു തോമസ് , കുട്ടൻചിറ, മാടപ്പള്ളി |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ട് പരിശോധിച്ചതിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.

29.03.2017 ൽ കരാർ വച്ച് സൈറ്റ് കൈമാറിയ ടി പ്രവൃത്തിയുടെ കാലാവധി ഒരു മാസം എന്നാണ് സാങ്കേതികാനുമതി ഉത്തരവിൽ ചേർത്തിട്ടുള്ളത്. എന്നാൽ ടെണ്ടർ നോട്ടീസ് പ്രകാരം കാലാവധി 3മാസമായിരുന്നു. 29.04.2017 ൽ പൂർത്തീകരിക്കേണ്ടിയിരുന്ന ടി പ്രവൃത്തി 11.01.2019ലാണ് പൂർത്തീകരിച്ചിട്ടുള്ളത്. എഗ്രിമെന്റ് വ്യവസ്ഥ (നം. 7)പ്രകാരം പൂർത്തീകരണ കാലാവധിയുടെ 20% കിഴിച്ചുള്ള ആദ്യത്തെ മൂന്ന് മാസത്തിന് പി.എ.സി.യുടെ 1% പിഴയും പിന്നീട് വരുന്ന ഓരോ മൂന്ന് മാസത്തിനും 2% പിഴയുമാണ് ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ഫൈൻ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയതി | 29.03.2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 29.06.2017 |
| പൂർത്തീകരിച്ച തീയതി | 11.01.2019 |
| 20% ഗ്രേസ് പീരീഡ് (18 ദിവസം) | 17.07.2017 വരെ |
| ആദ്യത്തെ ഒരു മാസം പിഴ (17.07 .2017 മുതൽ 16.08 .2017 വരെ) | 250000 x 1% = 2500 |
| 17.08 .2017 മുതൽ 11.01.2019 വരെ | 250000 x (5x2)% =25000 |
| ആകെ പിഴ ഈടാക്കേണ്ടത് | 25000 + 2500 =27500 |
| എം. ബുക്ക് പ്രകാരം ഈടാക്കിയ പിഴ | 3433 |
| ഈടാക്കിയതിൽ കുറവ് | 24067 രൂപ |

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാറുകാരൻ യഥാസമയം അപേക്ഷ വച്ചതായോ കാലാവധി ദീർഘിപ്പിച്ചു നൽകിയതായോ കാണുന്നില്ല. ആയതിനാൽ കുറവായി ഈടാക്കിയ

24067/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. പ്രോജക്റ്റ് നം. 254/18-19 റീടാറിംഗ് അമര – ചാഞ്ഞോടി റോഡ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 310496(മെ.ഗ്രാന്റ്) |
| ചെലവ് | 213720 |
| എം. ബുക്ക് നം. | 28/16-17, 91/17-18 |
| ബിൽ നം. തീയതി | 14/18-19/19.5.18 |
| കോൺട്രാക്ടർ | ശ്രീ.ആന്റോ ജോബ് |

ടി പ്രവൃത്തിയുടെ ഫൈൻ ഈടാക്കിയതിൽ കുറവ് വന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയതി | 23.02.2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 23.05.2017 |
| പൂർത്തീകരിച്ച തീയതി | 24.03.18 |
| 20% ഗ്രേസ് പീരീഡ് | 18 ദിവസം , 10.06.2017 വരെ |
| ആദ്യത്തെ 3 മാസം പിഴ (11.06.2017 മുതൽ 10.09.2017 വരെ) | 443447 x 1% = 4434 |
| 11.09.2017 മുതൽ 24.03.2018 വരെ (6 മാസം) | 443447 x 4% =17738 |
| ആകെ പിഴ ഈടാക്കേണ്ടത് | 22172 |
| എം. ബുക്ക് പ്രകാരം ഈടാക്കിയ പിഴ | 3979 |
| ഈടാക്കിയതിൽ കുറവ് | 18193 രൂപ |

പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാറുകാരൻ യഥാസമയം അപേക്ഷ വച്ചതായോ കാലാവധി ദീർഘിപ്പിച്ചു നൽകിയതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/4.12.19) നൽകിയ മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് തുക 18193/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3.കടമാൻചിറ ശാന്തിനഗർ മുല്ലശ്ശേരി മൂന്നുമുറി റോഡ് മെയിന്റനൻസ് - ഫൈൻ ഈടാക്കിയതിൽ കുറവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 715902(മെ.ഗ്രാന്റ്) |
| ചെലവ് | 604565 |
| എം. ബുക്ക് നം. | 82/17-18, 83/17-18 |
| ബിൽ നം. തീയതി | 13/18-19/19.5.18 |
| കോൺട്രാക്ടർ | ശ്രീ.ജോസഫ് ഏബ്രഹാം |

ടി പ്രവൃത്തിയുടെ ഫൈൻ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി ആരംഭിച്ച തീയതി | 29.03.2017 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | 29.06.2017 |

| | |
|---|---|
| പൂർത്തീകരിച്ച തീയതി | 15.03.18 |
| 20% ഗ്രേസ് പീരീഡ് | 18 ദിവസം , 17.07.2017 വരെ |
| ആദ്യത്തെ 3 മാസം പിഴ<br>(17.07.2017 മുതൽ 17.10.2017 വരെ) | 715902 x 1% = 7159 |
| 17.10.2017 മുതൽ 15.03.2018 വരെ | 715902 x 4% =28636 |
| ആകെ പിഴ ഈടാക്കേണ്ടത് | 35795 |
| എം. ബുക്ക് പ്രകാരം ഈടാക്കിയ പിഴ | 12092 |
| ഈടാക്കിയതിൽ കുറവ് | 23703/- രൂപ |

കൂടാതെ, 6.3.2017 നകം കരാർ വയ്ക്കേണ്ടിയിരുന്നുവെങ്കിലും 29.03.2017 നാണ് കരാർ വച്ചത്. എന്നാൽ കരാർ വച്ചതിന് കാലതാമസം വന്നതിന് ഈടാക്കേണ്ടിയിരുന്ന 1% പിഴ 7159/- രൂപ ഈടാക്കിയതായി കാണുന്നില്ല. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാറുകാരൻ യഥാസമയം അപേക്ഷ വച്ചതായോ കാലാവധി ദീർഘിപ്പിച്ച നൽകിയതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/4.12.19 ) മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കിയതിൽ കുറവ് വന്ന 30862/- രൂപ (23703+7159) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽ ഉപഖണ്ഡികകൾ പ്രകാരമുള്ള തുക തിരികെ ഈടാക്കി വിവരം അറിയിക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരിൽ ബാധ്യത കൽപ്പിച്ച് സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

### 1-35 വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ കാലിബാരലിന്റെ വിലയും ജി.എസ്.ടി.യും അതാത് ഫണ്ടുകളിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല.

ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ നിന്നും ഈടാക്കിയ കാലിബാരൽ വിലയും ജി.എസ്.ടി.യും അതാത് ഫണ്ടുകളിലേക്ക് ഒടുക്കുവരുത്താതെ തനത് ഫണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബാരൽ വില | ജി.എസ്.ടി. | ആകെ |
|---|---|---|---|---|---|
| 1 | 106 | ഫ്രണ്ട്സ് ലൈബ്രറി വളയംകുഴി റോഡ് മെയിന്റനൻസ് | 1831 | 311 | 2142 |
| 2 | 152 | കടമാഞ്ചിറ ശാന്തിനഗർ മുല്ലശ്ശേരി മൂന്നുമുറി റോഡ് മെയിന്റനൻസ് | 4902 | 831 | 5733 |
| 3 | 108 | നെടിയകാലാപടി ഫാക്ടറി റോഡ് പുനരുദ്ധാരണം | 2849 | 483 | 3332 |
| 4 | 101 | തൃക്കൊടിത്താനം ക്ഷേത്രം ചന്ദ്രത്തിൽ പടി റോഡ് മെയിന്റനൻസ് | 1167 | 198 | 1365 |
| 5 | 157 | അമര ചാഞ്ഞോടി റോഡ് റീടാറിംഗ് | 2801 | 475 | 3276 |
| 6 | 231 | മാളിയേക്കൽപടി കരിശിങ്കൽപടി റോഡ് ടാറിംഗ് | 1634 | 277 | 1911 |

| | | | | | |
|---|---|---|---|---|---|
| 7 | 306 | കുറ്റിക്കാട്ട് പടി ചാപ്രത്ത് പടി കപ്പിത്താൻ പടി റോഡ് | 934 | 158 | 1092 |
| 8 | 339 | മാളിയേക്കൽ പടി കുരിശിങ്കൽ പടി റോഡ് ടാറിംഗ് | | | 1911 |
| | | ആകെ | 16118 | 2733 | 18851 |

ടി വരവിന്റെ ലഡ്ജർ പരിശോധിച്ചതിൽ 46825/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈടാക്കിയ ബാരൽ വിലയുടെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തി അതാത് അക്കൗണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-36 ഇ-ടെണ്ടർ - ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല.

സ്ഥാപനം തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയതിൽ ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറവില | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 99 | ഉണ്ണിപറമ്പ് വലിയപറമ്പ് റോഡ്കോൺക്രീറ്റിംഗ് | 2 | 616 | 1232 |
| 2 | 112 | കണ്ണംകുളം കുന്നംപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 2 | 572 | 1144 |
| 3 | 150 | തോപ്പിൽപടി വേടൻപറമ്പ് റോഡ്കോൺക്രീറ്റിംഗ് | 2 | 528 | 1056 |
| 4 | 163 | മുത്തുറ്റ് കവല പാപ്പൻമുക്ക് റോഡ്കോൺക്രീറ്റിംഗ് | 2 | 792 | 1584 |
| 5 | 182 | മാടക്കാട്ട് വടക്കേപറമ്പ് ചിറക്കുഴി റോഡ് | 2 | 660 | 1320 |
| 6 | 160 | പടിഞ്ഞാറേപറമ്പ് യത്തീംഖാന ജംഗ്ഷൻ | 2 | 792 | 1584 |
| 7 | 169 | അമരാരുപറയിൽ റോഡ് കോൺക്രീറ്റിംഗ് | 2 | 528 | 1056 |
| 8 | 166 | കോയിപ്പുറം ആലാംപറമ്പ് റോഡ് | 2 | 968 | 1936 |

| | | | | | |
|---|---|---|---|---|---|
| 9 | 145 | പറമ്പത്ത്പടി മുണ്ടയ്ക്കൽ ക്ഷേത്രം റോഡ് | 2 | 528 | 1056 |
| 10 | 148 | പോലീസ്സ്റ്റേഷൻ വടക്കേപ്പടി റോഡ് | 2 | 528 | 1056 |
| 11 | 123 | മട്ടുക്കത്താനം ഇളംകുന്ന് റോഡ് | 2 | 968 | 1936 |
| 12 | 158 | കണിയാംപടി ശ്രീഭദ്രാ റോഡ് | 2 | 528 | 1056 |
| 13 | 144 | പാടത്തുംകുഴി അയ്യംകാളി സ്മാരകം ചക്കുപുരയ്ക്കൽ | 2 | 528 | 1056 |
| 14 | 114 | കടമാഞ്ചിറ എൽ.പി.എസ്. റാന്നിപ്പടി റോഡ് | 3 | 704 | 2112 |
| 15 | 180 | പാലമൂട് മട്ടുക്കത്താനം റോഡ് | 2 | 1144 | 2288 |
| 16 | 128 | ഡീലക്സ്പടി ചെമ്പുംപുറം റോഡ് | 2 | 572 | 1144 |
| 17 | 175 | വെങ്കോട്ട വള്ളിക്കാട് റോഡ് | 2 | 528 | 1056 |
| 18 | 120 | പ്ലാംപറമ്പ് പടി തെള്ളിയിൽ റോഡ് | 1 | 572 | 572 |
| 19 | 165 | അമ്പലക്കുളം ആഞ്ഞിലിവേലിക്കളം റോഡ് | 2 | 528 | 1056 |
| 20 | 134 | കൈലാത്തുപടി ഇടവളഞ്ഞി റോഡ് | 1 | 528 | 528 |
| 21 | 184 | ചിറ്റേട്ട് മരോട്ടിമറ്റം റോഡ് | 2 | 528 | 1056 |
| 22 | 108 | ഫിറാനഗർ പള്ളിപറമ്പ് റോഡ് | 1 | 660 | 660 |
| 23 | 131 | വാലുപറമ്പ് പുളിക്കപ്പടി റോഡ് | 1 | 528 | 528 |
| 24 | 151 | ആശാരിമുക്ക് മാറാട്ടുകുളം റോഡ് | 2 | 660 | 1320 |
| 25 | 141 | പുതുപ്പറമ്പ് കുന്നപറമ്പത്ത് കൂട്ടാക്കയിൽ റോഡ് | 1 | 528 | 528 |
| | | ആകെ | | | 29920 |

ടെൻഡർ ഫീസ് ഇനത്തിൽ ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കേണ്ട 29920/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന്

കാണിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1) നൽകിയതിന് തുക പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. ടി 29920/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ, ടെണ്ടർ ഫീ വരവ് വയ്ക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. നിർദ്ദേശം പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-37 നിർമ്മാണ തൊഴിലാളി ക്ഷേമവിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം 2,87,48,036/- രൂപയുടെ 124 മരാമത്ത് പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. അതായത്, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് 2018-19 സാമ്പത്തിക വർഷം 2,87,480 രൂപ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ കളക്ഷൻ ചാർജ്ജിനത്തിൽ 2874/- രൂപ തൻവർഷം ലഭിക്കേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ഇനി മുതലുള്ള വർക്ക് ബില്ലിൽ നിന്ന് ടി തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്തു ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ആൾ |
|---|---|---|
| 21801353/22-3-19 | 14280/- | ചിന്റു എം.രഞ്ജിത്ത്, ടെക്നിക്കൽ അസിസ്റ്റന്റ് |
| 21801419/27-3-19 | 12500/- | പാർവ്വതി വിജയൻ,<br>അസി.എൻജിനീയർ ,എൻ.ആർ.ഇ.ജി.എസ് |
| 21801420/30-3-19 | 9250/- | ജെസ്സി മാത്യു<br>ഡേറ്റ എൻട്രി ഓപ്പറേറ്റർ എൻ.ആർ.ഇ.ജി.എസ് |

പ്രസ്തുത ജീവനക്കാർക്കുവേണ്ടി സേവനപുസ്തകം സൂക്ഷിച്ചുപോരുന്നില്ലായെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. ജീവനക്കാരുടെ അവധിവിവരങ്ങളും മറ്റ് സേവനവിവരങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജിജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയ നടപടി ശരിയല്ല.

ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്. ടിയിനത്തിൽ ചെലവഴിച്ച 36030/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 അനുപൂരക പോഷകാഹാര പദ്ധതി - അധിക തുക ചെലവഴിച്ചു

പ്രോജക്ട് നം. 06/18-19

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വാങ്ങുന്ന സാധനങ്ങൾ ഗ്രാമ പഞ്ചായത്തിലെ 34 അങ്കണവാടികളിൽ കിലോ ഗ്രാമിന് 2.25 രൂപ നിരക്കിൽ എത്തിച്ച് നല്കുന്നതാണെന്ന് ശ്രീ.സോമരാജൻ എ.റ്റി., ആവണി, കുരിശ്ശുംമൂട് (ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുക) എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാന് ക്വട്ടേഷൻ ഉറപ്പിച്ച് നല്കിയിട്ടുമുണ്ട്. ഫയൽ പരിശോധിച്ചതിൽ, 13207 കിലോ ഗ്രാം സാധനങ്ങൾ ഇറക്കിയതിന് 29716 രൂപ നല്കുന്നതിന് പകരം 33383 രൂപയാണ് നല്കിയിട്ടുള്ളത്. 3667 രൂപ അധികം നല്കിയതായി കാണുന്നു. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/29.11.19) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഈടാക്കി അറിയിക്കുന്നതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ, അധികം നല്കിയ 3667/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധിക തുക ചെലവഴിച്ചതിന് ശ്രീമതി സിന്ധു, ഐ.സി.ഡി.എസ്.സൂപ്പർവൈസർ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1039992 | ലൈഫ് പദ്ധതി ജനറൽ | 1000000 | 39992 |
| | 2018-19 | 600948 | ലൈഫ് പദ്ധതി എസ്.സി.പി. | 0 | 600948 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1252380 | അമര കുടിവെള്ള പദ്ധതി | 1252335 | 45 |
| | 2018-19 | 500000 | പാലിയേറ്റീവ് കെയർ | 490842 | 9158 |
| | 2018-19 | 1192200 | ലൈഫ് പദ്ധതി ജനറൽ | 1160000 | 32200 |
| | 2018-19 | 320000 | ലൈഫ് പദ്ധതി എസ്.സി.പി. | 0 | 320000 |
| | 2018-19 | 200000 | അംഗപരിമിതർക്ക് സ്കോളർഷിപ്പ് | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1000000 | സുജലം പദ്ധതി | 1000000 | 0 |
| | 2018-19 | 200000 | വൃദ്ധർക്ക് കട്ടിൽ വിതരണം | 190530 | 9470 |

31.03.2019 പ്രകാരമുള്ള ബാലൻസ് ഷീറ്റ് പ്രകാരമുള് ബാധ്യതാ കണക്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ മാത്രം 52.99 ലക്ഷം രൂപ (3913938 + 1385068) വിനിയോഗിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങളുടെ അഭാവത്തിൽ മേൽ പത്രികയിൽ ടി വിവരം ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഡിസ്ട്രിക്ട് ഹെൽത്ത് & ഫാമിലി വെൽഫയർ സൊസൈറ്റി | പി.എച്ച്.സി. കെട്ടിട നിർമ്മാണം, ആർദ്രം പദ്ധതി | 21800959/31.12.2018 | 400000 | 0 | 400000 |
| | പി.എച്ച്.സി.കെട്ടിട നിർമ്മാണം, ആർദ്രം പദ്ധതി | 21800960/31.12.2018 | 3277985 | 0 | 3277985 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കോട്ടയം | സുജലം പദ്ധതി | 21801430/31.12.2018 | 1000000 | 0 | 1000000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ കണക്ഷൻ | 21800474/16.05.2018 | 93000 | 0 | 93000 |
| കേരള വാട്ടർ അതോറിറ്റി | അമര കുടിവെള്ള പദ്ധതി | 21801447/29.03.2019 | 1252335 | 0 | 1252335 |
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ | 21800489/16.05.2019 | 100000 | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കടമാഞ്ചിറ എസ്.സി.കോളനി പൈപ്പ്ലൈൻ നീട്ടൽ | 21801281/29.1.2019 | 500000 | 0 | 500000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | 21801467/26.03.18 | 134000 | 0 | 134000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വരവിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | ജി.ഒ.(എ.എസ്.)നം 68/2018 / തീ18.5.18, ജി.ഒ.(എം.എസ്.) നം.100/2018 തീ.30.7.18 | 7298475 | 7298475 | 0 | 0 | 7298475 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻ വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2015-16 | 3-3-1 | 3959 | സബികുമാർ | 118020100480/24.04.18 |
| 2015-16 | 3-3-2 | 480 | അനിൽകുമാർ | 118020100481/24.04.18 |
| 2015-16 | 3-3-11 | 5372 | ബെനഡിക്ട് | 118020101295/6.6.18 |

| | | | | |
|---|---|---|---|---|
| | | | വി.ജെ. | |
| 2014-15 | 3(1) | 2000 | സുജാത ടി. | 118020500006/11.6.18 |
| 2015-16 | 2-3-1 | 1200 | ഡോ.ലിഡ ബെന്നി ഡെന്റൽ ക്ലിനിക് | 118020101879/26.6.18 |
| 2015-16 | 2-3-1 | 1200 | | 118020101879/26.6.18 |
| 2015-16 | 2-3-1 | 1200 | | 118020101879/26.6.18 |
| 2016-17 | 2-3 (4) | 3250 | | 118020500027/13.11.18 |
| 2017-18 | 2-4 | 1500 | | 118020107000/2.3.2019 |
| 2017-18 | 2-4 | 50000 | | 118020103302/17.9.18 |
| 2017-18 | 2-4 | 25000 | | 118020104700/30.11.18 |
| 2005-06 | 3-9 | 60000 | | 118020500019/18.9.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,52,47,039 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,21,81,109 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | : | 3,667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,52,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 3,667 | ശ്രീമതി സിന്ധു, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | | 3,667 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 1,43,107 | ഡോ.ജാൻസി ജോസഫ്, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| 1-33 | 8,72,863 | എസ്.പ്രകാശ്, ഹെഡ്മാസ്റ്റർ |
| 1-38 | 36,030 | എൻ.ആർ.മുരളീധരൻ നായർ, സെക്രട്ടറി |
| ആകെ | 10,52,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ/ ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|
| ശ്രീമതി സിന്ധു | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, തൃക്കൊടത്താനം ഗ്രാമപഞ്ചായത്ത് | ചെറുമാക്കൽ, ചമ്പക്കര പി.ഒ. കറുകച്ചാൽ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30.06.2018 വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി03-1447/2016/28.12.2017 | 1 |
| 1998-99(Exp) | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(1)/2018/21.02.2018 | 1 |
| 2000-01&2001-02 | നം.എൽ.എഫ്.കെ.പി8-668/03/14.11.2003 | 20 |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(4)/18/21.02.2018 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(7എ)/18/05.06.2018 | 4 |
| 2005-06വരവ് | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6എ)/18/05.06.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(6)/2018/21.02.2018 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി10-606(1)/2018/04.04.2018 | 8 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(8)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി10(അദാ-2018)/193(9)/18/21.02.2018 | 14 |

| | | |
|---|---|---|
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി10-606(2)/2018/04.04.2018 | 9 |
| 2010-11 & 11-12 | കെ.എസ്.എ-കെ.ടി.എം.പി10-606(3)/2018/04.04.2018 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി10-2024/2017/27.12.2017 | 8 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3-599/2015/26.08.2016 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3-1452/2016/13.02.2017 | 21 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10-766/2017/05.01.2018 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.10-819/2017/06.06.17/16.06.17 | 20 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.10-1436/2018/20.07.2018 | 26 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.10/1883/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 03.02.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**